(സി) വൈദ്യുതി വിഭാഗവും ജലസേചന വിഭാഗവുമായി ചേർന്ന് ഒരു സംയുക്ത പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാനായി കേന്ദ്ര ജലകമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി റിപ്പോർട്ട് സി.ഡബ്ല്യു.സി. മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് പരിഷ്ക്കരിച്ചു നല്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) അല്ല.

മിനിസ്ട്രി ഓഫ് വാട്ടർ റിസോഴ്സിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു ഓർഗനൈസേഷൻ ആണ്.

പാഴായിപ്പോകുന്ന ജലസമ്പത്ത് ഉപയോഗപ്രദമാക്കുന്നതിന് പദ്ധതി

30 (3429) <u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> :

<u>പ്രൊഫ. മീനാക്ഷി തമ്പാൻ</u> :

<u>ശ്രീ. കെ. പ്രകാശ് ബാബു</u> :

<u>ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്)</u> :

<u>ശ്രീ. സി.എൻ. ജയദേവൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാഴായിപ്പോകുന്ന ജലസമ്പത്ത് ഉപയോഗപ്രദമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾക്ക് രൂപം നല്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ആന്റ് (ബി) കേരളത്തിന്റെ സമഗ്രവികസനത്തിന് ആവശ്യമായ ജലസേചന സൗകര്യം ഏർപ്പെടുത്തുന്നതിനും കൂടാതെ വിദ്യുച്ഛക്തി ഉല്പാദനത്തിനും വേണ്ടി ഈ സംസ്ഥാനത്തെ നദികളുടെ സമഗ്രമായ പഠനം നടത്തുകയും പല പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. വൻകിട ഇടത്തരം മേഖലയിൽ സംസ്ഥാനത്ത് 15 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 12 പദ്ധതികളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. കൂടാതെ വിവിധ നദീതടങ്ങളിൽ പുതിയ ജലസേചനപദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതിനുള്ള പര്യവേഷണ ജോലികളും നടന്നുവരുന്നു. ഇതിനു പുറമേ ജലസമ്പത്തു പരമാവധി കൃഷിക്ക് ഉപയുക്തമാക്കുന്നതിനുവേണ്ടി ധാരാളം ചെറുകിട ജലസേചന പദ്ധതികളും, ജലസേചന വകുപ്പു ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ട്. നദികൾക്ക് കുറുകെ തടയണകൾ നിർമ്മിച്ചു ജലം സംഭരിക്കുന്നതിന് വേണ്ടി 'ചെക്ക്ഡാം' പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കിവരുന്നു. ഇങ്ങനെ സംഭരിക്കുന്ന ജലം കൃഷിക്ക് ഉപയുക്തമാക്കുന്നതിന് പുറമെ ഭൂഗർഭജല വിതാനം ഉയർത്തുന്നതിനും സാധിക്കുന്നതാണ്. ഇതു കൂടാതെ സംസ്ഥാനത്തെ കുളങ്ങളുടെ പുനരുദ്ധാരണത്തിനായി യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ സഹായത്തോടെ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു.

ഒ.ഇ.സി.എഫ്-ന്റെ സഹായത്തോടെ നടത്താനുദ്ദേശിക്കുന്ന പദ്ധതി

31 (3430) <u>ശ്രീ. ഉമ്മൻ ചാണ്ടി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly